**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **30-01-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചില സഹകരണ ബാങ്കുകളിൽ നടക്കുന്ന ഒറ്റപ്പെട്ട അനഭിലഷണീയ പ്രവണതകളെ ചൂണ്ടിക്കാട്ടി സഹകരണ പ്രസ്ഥാനങ്ങളെയൊന്നടക്കം മോശപ്പെടുത്തുന്ന തരത്തിലുള്ള പ്രചാരണങ്ങളെ ചെറുത്തു തോൽപ്പിച്ചുകൊണ്ട് ഈ സർക്കാർ നടപ്പാക്കിയ നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ സഹകരണ മേഖലയിലേക്കെത്തിയ നിക്ഷേപമെത്രയാണ്; വിശദമാക്കുമോ; | (എ) | **"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി"** എന്ന മുദ്രാവാക്യത്തോടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, സഹകരണ വായ്പ മേഖലയിലെ നിക്ഷേപ തോത് വർദ്ധിപ്പിക്കുക, ഒരു വീട്ടിൽ നിന്നും ഒരു അക്കൗണ്ട്, നവകേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകുന്നു. 44-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയാണ്. എല്ലാ ജില്ലകളിൽ നിന്നും കേരളാ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 23.01.2024 തീയതി വരെ 14 ജില്ലകളിലെ സംഘങ്ങളിൽ 1541.21 കോടി രൂപയുടെയും കേരളാ ബാങ്കിൽ 1007.84 കോടി രൂപയുടെയും നിക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്. 23.01.2024 തീയതി വരെ ലഭിച്ച ആകെ പുതിയ നിക്ഷേപം 2549.05 കോടി രൂപയാണ്. |
| (ബി) | സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ | (ബി) | 18.04.2023-ലെ സ.ഉ(സാധാ)നം.234/2023/സഹ. |

| | | | |
|---|---|---|---|
| | ഫലപ്രദമായി ആസൂത്രണം ചെയ്യുന്നതിനായി സഹകരണ സംരക്ഷണ നിധി രൂപീകരിച്ചതിലൂടെ ഈ മേഖലയിൽ പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസ്യത കൂട്ടുതൽ ദൃഢമാക്കിയത് നിക്ഷേപ സമാഹരണത്തിന് ഗുണകരമായോ; വിശദാംശം നൽകുമോ; | | പ്രകാരം കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ അന്തിമ പദ്ധതി രേഖ സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ സഹകരണ മേഖലയിൽ പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസ്യത വർദ്ധിക്കുന്നതാണ്. വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, നല്ല നിർദ്ദേശങ്ങളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപപദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) | സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്കുള്ള പരിരക്ഷ വർദ്ധിപ്പിക്കുന്നതിന് വിശദ പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. നിലവിൽ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലൈമായിട്ടാണ് ടി തുക നൽകുന്നത്. ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി - 2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ